പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 997** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ആധുനിക മത്സ്യബന്ധനവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി നിലവിലുള്ള ഇൻഷുറൻസ്, സുരക്ഷാ ഉപകരണങ്ങൾ, ആധുനികവൽക്കരണ പദ്ധതികൾ എന്നിവയ്ക്കൊപ്പം കടലിൽ അപകടസാധ്യത മുൻകൂട്ടി അറിയിക്കുന്ന സാങ്കേതിക സംവിധാനങ്ങൾ, കാലാവസ്ഥാ മുന്നറിയിപ്പ്, ജി.പി.എസ് /കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ എന്നിവ എല്ലാ പരമ്പരാഗത മത്സ്യബന്ധനയാനങ്ങളിലേക്കും ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിന് പ്രത്യേകപദ്ധതി ആവിഷ്കരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. 18.12.2025 മുതൽ 17.12.2026 വരെയുള്ള കാലയളവിൽ, ഒരു മത്സ്യത്തൊഴിലാളിക്ക് ₹494.42 എന്ന പ്രീമിയം നിരക്കിൽ ₹11,43,48,592/- രൂപയും അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് ഒരാൾക്ക് ₹175.82 എന്ന പ്രീമിയം നിരക്കിൽ ₹1,32,89,592/- രൂപയും പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കിവരുന്നു.

മത്സ്യഫെഡിന്റെ ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വമെടുത്ത മത്സ്യത്തൊഴിലാളികൾക്ക് അപകട മരണത്തിനും അപകടം മൂലം സ്ഥിരമായ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ പരിരക്ഷ നൽകുന്നതാണ്. ടി പദ്ധതിയിൽ അപകടം മൂലമുള്ള ആശുപത്രി ചെലവിനത്തിൽ 1 ലക്ഷം രൂപ വരെയും മരണാനന്തര ചടങ്ങുകൾക്കായി 5000 രൂപയും കോമാ സ്റ്റേജിലായാൽ 1 ലക്ഷം രൂപയും നൽകുന്നതാണ്. കൂടാതെ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 100000 രൂപ വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോത് അനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നതാണ്.

കടലിലെ അപകടസാധ്യതകൾ നേരിടുന്നതിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർധിപ്പിക്കുന്നതിനുമായി 2017-18 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ

മത്സ്യത്തൊഴിലാളികൾക്ക് വി.എച്ച്.എഫ്. മറൈൻ റേഡിയോ (VHF Marine Radio), ജി.പി.എസ്. (GPS) എന്നിവ വിതരണം ചെയ്തിരുന്നു.

സമുദ്ര മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണവും നിയന്ത്രണവും ലക്ഷ്യമിട്ട് ദേശീയ വെസൽ കമ്മ്യൂണിക്കേഷൻ ആൻഡ് സപ്പോർട്ട് സിസ്റ്റത്തിന്റെ (National Vessel Communication and Support System) ഭാഗമായി ആകെ 15,684 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൽ 3,563 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും (Mechanised Fishing Vessels), 12,121 മോട്ടോറൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലും (Motorised Fishing Vessels) ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതുവരെ 2,682 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും 6,682 മോട്ടോറൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലും ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു.

മത്സ്യബന്ധന യാനത്തിന്റെ തിരിച്ചറിയൽ വിവരങ്ങളും സ്ഥാനവിവരങ്ങളും ഉപഗ്രഹം വഴിയോ റേഡിയോ ആശയവിനിമയ സംവിധാനത്തിലൂടെയോ കൈമാറാൻ സഹായിക്കുന്ന ഇലക്ട്രോണിക് ഉപകരണമാണ് ട്രാൻസ്പോണ്ടർ (Transponder). യാനത്തിന്റെ സ്ഥാനം കണ്ടെത്തുക, അപകടസന്ദേശങ്ങൾ കൈമാറുക, കാലാവസ്ഥാ മുന്നറിയിപ്പുകൾ, സമുദ്രാതിർത്തി സംബന്ധിച്ച മുന്നറിയിപ്പുകൾ എന്നിവ ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾക്ക് ഈ സംവിധാനം പ്രയോജനപ്പെടുന്നു. ഇതുവഴി കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർധിപ്പിക്കുന്നതിനും അപകടസമയത്ത് രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സാധിക്കുന്നു.

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള ഇൻഷുറൻസ് പരിരക്ഷ, സുരക്ഷാ ഉപകരണങ്ങളുടെ വിതരണം, മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം എന്നിവയ്ക്കു പുറമേ, കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം ലഭ്യമാക്കുന്നതിനും ജി.പി.എസ്., ആശയവിനിമയ സംവിധാനങ്ങൾ, ട്രാൻസ്പോണ്ടറുകൾ തുടങ്ങിയ ആധുനിക സാങ്കേതിക സംവിധാനങ്ങൾ പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**